**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 410** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ഉപ്പുതറയിലെ തടി കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടുണ്ടോ; | (എ) | കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടില്ല. എന്നാൽ സമീപ പ്രദേശമായ ഇടുക്കി ജില്ലയിലെ വെള്ളിലാംകണ്ടം കിഴക്കേ മാട്ടുക്കട്ട ഭാഗത്ത് ഏലമല കാട്ടിൽ നിന്നും വെട്ടികടത്തി കൊണ്ടുവന്ന 5 MT വിറക് അയ്യപ്പൻ കോവിൽ വനം റെയ്ഞ്ചിൽ നിന്നും പിടികൂടിയിട്ടുണ്ട്. തുടരന്വേഷണ ത്തിൽ കുമളി റെയിഞ്ചിലെ ചെല്ലാർ കോവിൽ സെക്ഷൻ സ്റ്റാഫ് ടി വിറകിന് വേണ്ടി മുറിച്ച ചോരക്കാലി, പത്രി, നാങ്ക് ഇനത്തിൽപ്പെട്ട 5 മരങ്ങളുടെ കുറ്റി കണ്ടെത്തുകയും ഒ.ആർ - 7/2021 കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ്സിലെ 5 പ്രതികളിൽ കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വനംവകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | ടി മരം മുറിയുമായി ബന്ധപ്പെട്ട് അയ്യപ്പൻകോവിൽ വനം റെയ്ഞ്ചിൽ 04/2021 നമ്പരായും കുമളി വനം റെയ്ഞ്ചിൽ 07/2021 നമ്പരായും കേസ്എടുത്ത് തുടരന്വേഷണം നടത്തുന്നുണ്ട്. പ്രതികളുടെ മൊഴികൾ രേഖപ്പെടുത്തുകയും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട വണ്ടിയും ആയുധങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ